# പതിമൂന്നാം കേരള നിയമസഭാ
# അഞ്ചാമത് സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1744 18-6-2012-ലെ മറുപടിക്ക്**

## നിയമ പരിഷ്കാര കമ്മീഷൻ

**ചോദ്യം**

ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി
ശ്രീ.പി.കെ. ബഷീർ
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.പി.ഉബൈദുള്ള

**ഉത്തരം**

ശ്രീ.കെ.എം.മാണി
ബഹു.ധനകാര്യവും, നിയമവും
ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | |
|---|---|
| (എ) നിലവിലുള്ള നിയമങ്ങളുടെ പരിഷ്കരണവും ക്രോഡീകരണവും ലക്ഷ്യമിട്ട് മുൻ സർക്കാരിന്റെ കാലത്ത് ഒരു നിയമ പരിഷ്ക്കാര കമ്മീഷന് രൂപം നൽകിയിരുന്നോ; | 17-11-2007-ലെ ജി.ഒ(എം.എസ്) നം.253/2007/നിയമം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റീസ്. വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി നിലവിലുള്ള നിയമങ്ങളുടെ പരിഷ്കരണവും ക്രോഡീകരണവും ലക്ഷ്യമിട്ട് മുൻ സർക്കാരിന്റെ കാലത്ത് ഒരു നിയമ പരിഷ്കരണ കമ്മീഷന് രൂപം നൽകുകയുണ്ടായി. |
| (ബി) എന്തൊക്കെ കാര്യങ്ങൾ പരിശോധിച്ച് ശുപാർശ നൽകാനാണ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നത് : | നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുന്നതിനും, അവയിൽ കാലഹരണപ്പെട്ട നിയമങ്ങൾ പിൻവലിക്കുന്നതിനും, നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുകയും വ്യത്യാസപ്പെടുത്തുകയും സംയോജിപ്പിക്കുകയും ചെയ്യുന്നതിനും, നിയമങ്ങൾ എഴുതി ഉണ്ടാക്കുന്നതിനും ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും, പുതിയ ലോക സംവിധാനത്തിൽ നിയമ നിർമ്മാണത്തിൽ പരിഗണിക്കപ്പെടേണ്ട മറ്റ് വിഷയങ്ങൾ തുടങ്ങിയ കാര്യങ്ങളുമാണ് കമ്മീഷന്റെ പരാമർശ വിഷയങ്ങൾ. |

| | |
|---|---|
| (സി) ചുമതലപ്പെടുത്തിയ എല്ലാ കാര്യങ്ങളെക്കുറിച്ചും കമ്മിഷൻ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് സമ്പൂർണ്ണ റിപ്പോർട്ട് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ; | 17-11-2007-ലെ ജി.ഒ(എം.എസ്) നം. 253/07/നിയമം പ്രകാരം രൂപീകരിച്ചിട്ടുള്ള ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ചെയർമാനായ നിയമ പരിഷ്കരണ കമ്മീഷൻ, 26/1/2009-ന് ചുമതലപ്പെടുത്തിയ എല്ലാ കാര്യങ്ങളെക്കുറിച്ചുള്ള സമ്പൂർണ്ണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. |
| (ഡി) റിപ്പോർട്ടിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ട് മേശപ്പുറത്തു വച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ? | ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട നിയമ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 31-3-2010-ലെ ജി.ഒ.(എം.എസ്) നമ്പർ 62/2010/നിയമം സർക്കാർ ഉത്തരവ് പ്രകാരം ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത ഉപസമിതി റിപ്പോർട്ട് വിശദമായി പഠിച്ച് ചർച്ച ചെയ്ത് തയ്യാറാക്കിയ റിപ്പോർട്ട് മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുകയും ആയത് 2-2-2011-ലെ മന്ത്രിസഭാ യോഗത്തിന്റെ 5742-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിസഭ അംഗീകരിച്ച റിപ്പോർട്ടിൽ ഉൾപ്പെട്ട ബില്ലുകൾ അനന്തര നടപടികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാകുന്നു. |

ഉത്തരവിൻ പ്രകാരം,

Renka R.

സെക്ഷൻ ഓഫീസർ